# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1787 — 16/06/2014-ൽ മറുപടിയ്ക്ക്**

## തീരദേശ വികസന കോർപ്പറേഷൻ

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
|---|---|---|---|
| (എ) | സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; | (എ) | സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമ പദ്ധതി, മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് പദ്ധതി, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ ജി.പി.എസ്.-വിഎച്ച്എഫ് സംവിധാനം, കോൾഡ് ചെയിൻ സംവിധാനം എന്നിവയാണ് പ്രധാന പദ്ധതികൾ. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ ഓഫീസ് സംവിധാനവും ഘടനയും വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ ഹെഡ് ഓഫീസ് തിരുവനന്തപുരം ജില്ലയിലും 2 റീജിയണൽ ഓഫീസുകൾ എറണാകുളം, കോഴിക്കോട് ജില്ലകളിലുമായി പ്രവർത്തിക്കുന്നു. |
| (സി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത സ്ഥാപനം മുഖേന ഏതെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ ? | (സി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പദ്ധതികൾ നടപ്പിലാക്കുന്നില്ല. |

**സെക്ഷൻ ആഫീസർ**